കേരള സർവ്വകലാശാല	6.55 കോടി രൂപ
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല	4.0871 കോടി രൂപ
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്	1.70 കോടി രൂപ

(ഇ) ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്.

കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന് പ്രത്യേക ഏജൻസിയെ നിയമിക്കണമെന്ന നിർദ്ദേശം

40 (2043) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനത്തിനായി പ്രത്യേക ഏജൻസിയെ നിയമിക്കണമെന്ന നിർദ്ദേശം പരിഗണിക്കുകയുണ്ടായോ ;

(ബി) ഇക്കാര്യത്തിൽ സ്വകാര്യ കോളേജ് മാനേജ്മെന്റുകളുമായി എന്തൊക്കെ ചർച്ചകൾ നടത്തിയെന്നറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

അദ്ധ്യാപകരുടെ കാര്യശേഷി വികസനത്തിനായി നടപ്പിലാക്കിവരുന്ന പരിശീലന പരിപാടി

41 (2044) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപകരുടെ കാര്യശേഷി വികസനത്തിനായി നടപ്പിലാക്കിവരുന്ന പരിശീലന പരിപാടിയുടെ കാര്യക്ഷമതയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം സംസ്ഥാനത്തെ എത്ര അദ്ധ്യാപകർ ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ എന്തൊക്കെ പോരായ്മകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(ഡി) എല്ലാ വിഭാഗം അദ്ധ്യാപക സംഘടനകളുടേയും പൂർണ്ണ സഹകരണത്തോടെ പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മിക്കവാറും മുഴുവൻ അദ്ധ്യാപകരും പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്.

(സി) 1. പരിശീലകരുടെ എണ്ണം വേണ്ടത്രയില്ല.

2. ഐ.സി.റ്റി. എല്ലാ പരിശീലന കേന്ദ്രത്തിലും വേണ്ടത്ര നൽകാൻ കഴിയുന്നില്ല.

3. മോണിറ്ററിംഗും തുടർനടപടികളും ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

(ഡി) വേണ്ടത്ര പരിശീലകരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുക. (റിട്ടയേർഡ് അദ്ധ്യാപകർ ഉൾപ്പെടെ)

- വിവിധ ഗവേഷണ കേന്ദ്രങ്ങളുടെ അക്കാദമികവിഭവം ഉറപ്പുവരുത്തി അവരുടെ സഹായത്തോടെ കൂടുതൽ അനുഭവങ്ങൾ അദ്ധ്യാപകർക്ക് നൽകുക.
- ഡയറ്റുകളെ ശാക്തീകരിക്കുക.
- പരിശീലന കേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുക (ഐ.സി.റ്റി., റഫറൻസ്, ഇരിപ്പിടം, കുടിവെള്ളം, മൂത്രപ്പുര, ഫാൻ, വെളിച്ചം തുടങ്ങിയവ)
- പരിശീലനത്തിലൂടെ അദ്ധ്യാപകർ നേടിയ കാര്യങ്ങൾ ക്ലാസിൽ പ്രാവർത്തികമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തൽസമയ വിഭവസഹായം കാര്യക്ഷമമാക്കുക.

കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. തസ്തികയിലെ ഒഴിവുകൾ

42 (2045) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly